*Kerala Catholic Bishops' Council's*


# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25,Ph: 0484 2806262, kcbcshv@gmail.com

203rd Issue - Volume 5, No.37 **ജാഗ്രത** 23rd September 2011

**“ ഒരു പുതിയ ആകാശവും പുതിയ ഭൂമിയും ഞാൻ കണ്ടു. ആദ്യത്തെ ആകാശവും ആദ്യത്തെ ഭൂമിയും കടന്നുപോയി.”**

(വെളിപാട് 21: 1)


St. Gabriel, the Archangel

## പ്രധാന വാർത്തകൾ

പരിശുദ്ധ കന്യാമറിയം കൂടുതൽ ദൈവവിളികൾക്കുവേണ്ടി മാദ്ധ്യസ്ഥം വഹിക്കുന്നു; ബനഡിക്റ്റ് 16–മൻ മാർപ്പാപ്പ.

---

അധികാരത്തിനുവേണ്ടി ധാർമികത ബലികഴിക്കരുത്: മാർപാപ്പ

---

അല്മായർ സുവിശേഷത്തിന്റെ മുഖമുദ്ര കൈക്കൊള്ളണം: മാർ ജോർജ് ആലഞ്ചേരി

---

സെന്റ് വിൻസെന്റ് ഡിപോൾ - അയൽക്കാരനിൽ ദൈവാനുഭവം കണ്ടെത്തിയവ്യക്തിത്വം: ബിഷപ് ഡോ. സെബാസ്റ്റ്യൻ തെക്കത്തെച്ചേരിൽ

---

പങ്കുവയ്ക്കലിന്റെയും സ്നേഹത്തിന്റെയും സന്ദേശം പ്രചരിപ്പിക്കണം: മാർജോസഫ് പവ്വത്തിൽ

---

അല്മായർ ലോകത്തെ അൾത്താരയുമായി അടുപ്പിക്കേണ്ടവർ : മാർ ജോസഫ് പെരുന്തോട്ടം

---

ലോഗോസ് ക്വിസിനു പുതിയ ലോഗോ

---

## ജാഗ്രതാ വാർത്ത

ആൺകുട്ടികളിൽ നാലിലൊന്നിനും ഭാരക്കുറവ്

## ചരിത്ര ജാഗ്രത

റവ. റിച്ചാർഡ് കൊള്ളിൻസ്

## വാരാന്ത്യവീക്ഷണം

പൊതുമുതൽ നശിപ്പിക്കാൻ ആർക്കാണവകാശം?

**Commission Chairman**
Bp. Mar Thomas Chakiath

**Vice Chairmen**
Bp. Joshua Mar Ignathios
Bp. Dr. Vincent Samuel

**Commission Secretary**
Fr. Josey Ponnambal MSFS

## പരിശുദ്ധ കന്യാമറിയം കൂടുതൽ ദൈവവിളികൾക്കുവേണ്ടി മാദ്ധ്യസ്ഥം വഹിക്കുന്നു; ബനഡിക്റ്റ് 16-മൻ മാർപ്പാപ്പ.

നവസുവിശേഷവത്ക്കരണത്തിനായി കൂടുതൽ അത്മായ സന്യസ്ത ദൈവവിളികൾ കിട്ടുന്നതിനായി പരിശുദ്ധകന്യാമറിയത്തിന്റെ മാദ്ധ്യസ്ഥം പ്രാർത്ഥിക്കണമെന്ന് പരിശുദ്ധപിതാവ് ബനഡിക്റ്റ് 16-മൻ മാർപ്പാപ്പ ആഹ്വാനം ചെയ്തു. 'കാസ്റ്റൽ ഗണ്ടോൽ'യിലെ വേനൽക്കാല വസതിയിൽ വച്ച് മദ്ധ്യാഹ്ന നമസ്കാരത്തിനു നേതൃത്വം നല്കിക്കൊണ്ട് സന്ദർശകരോടു സംസാരിക്കുകയായിരുന്നു പരിശുദ്ധപിതാവ്.

നവസുവിശേഷവത്ക്കരണം എന്നത് പ്രത്യേകമായും പാശ്ചാത്യരാജ്യങ്ങളിൽ വ്യാപകമായിരിക്കുന്ന മതവിശ്വാസത്തെ പൊതുവേദിയിൽ നിന്നും ഒഴിവാക്കുന്ന സെക്കുലറിസമെന്ന അപകടസാഹചര്യത്തെ അതിജീവിക്കാൻ ആസൂത്രണംചെയ്തിരിക്കുന്ന പ്രേഷിത പ്രവർത്തനമാണ്. ഇങ്ങനെയുള്ള സെക്കുലറിസം പാശ്ചാത്യലോകത്തെ നിശ്ശബ്ദമായ വിശ്വാസവ്യതിചലനം തന്നെയാണന്നു പരിശുദ്ധ പിതാവ് പലപ്പോഴും ആവർത്തിക്കാറുണ്ട്.

"നവസുവിശേഷവത്ക്കരണത്തിൽ പ്രവർത്തിക്കുന്ന പ്രേഷിതർ പൗലോസ് ശ്ലീഹായെപ്പോലെ "എനിക്കു ജീവിക്കുന്നതു ക്രിസ്തുവാണ്" എന്നു പറയാൻ കഴിയുന്നവരാണ്". "പൗലോസ് ശ്ലീഹാ ഗ്രീക്ക് സമൂഹത്തെയും യഹൂദസമൂഹത്തെയും ഒപ്പം റോമൻ സമൂഹത്തെയും തമ്മിൽ കൂട്ടി യോജിപ്പിച്ചവനാണ്. പ്രീയമുള്ളവരേ സുവിശേഷം കൃഷിഭൂമിയെ നദി ജലസേചിതമാക്കുന്നതുപോലെ ലോകത്തെ പരിവർത്തനം ചെയ്യിച്ചു. ഇപ്പോഴും സുവിശേഷം ലോകത്തെ രൂപാന്തരപ്പെടുത്തിക്കൊണ്ടിരിക്കുന്നു" പരിശുദ്ധ പിതാവ് വ്യക്തമാക്കി.

## അധികാരത്തിനുവേണ്ടി ധാർമികത ബലികഴിക്കരുത്: മാർപാപ്പ

അധികാരത്തിനുവേണ്ടി ധാർമികത ബലികഴിക്കരുതെന്ന് ബനഡിക്ട് പതിനാറാമൻ മാർപാപ്പ ഉദ്ബോധിപ്പിച്ചു. മാതൃരാജ്യമായ ജർമനിയിൽ സന്ദർശനത്തിന് എത്തിയ മാർപാപ്പ ജർമൻ പാർലമെന്റിൽ സംസാരിക്കുകയായിരുന്നു. അധികാരം ദുർവിനിയോഗിക്കുമ്പോൾ എന്താണു സംഭവിക്കുകയെന്ന് ജർമൻകാരായ നമുക്ക് അനുഭവത്തിൽ നിന്ന് അറിയാം-നാസികളുടെ ക്രൂരതകളെ പരാമർശിച്ച് മാർപാപ്പ ചൂണ്ടിക്കാട്ടി. നാസി ഏകാധിപത്യത്തിലും അവർക്കെതിരേ നിരവധി ഗ്രൂപ്പുകൾ ചെറുത്തുനില്പ് നടത്തിയ കാര്യം അദ്ദേഹം അനുസ്മരിച്ചു.

## അല്മായർ സുവിശേഷത്തിന്റെ മുഖമുദ്ര കൈക്കൊള്ളണം: മാർ ജോർജ് ആലഞ്ചേരി



സമൂഹത്തിൽ പ്രവർത്തിക്കുന്ന അല്മായർ സുവിശേഷത്തിന്റെ മുഖമുദ്ര കൈക്കൊള്ളുന്നവരായിരിക്കണമെന്നു സീറോ മലബാർസഭ മേജർ ആർച്ച്ബിഷപ് മാർ ജോർജ് ആലഞ്ചേരി. അല്മായർക്കു സമൂഹത്തിൽ സഭയോടൊത്തുമാത്രമേ പ്രവർത്തിക്കാൻ സാധിക്കൂ. ബാംഗളൂർ സീറോ മലബാർ ലെയ്റ്റി കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ നടന്ന ലെയ്റ്റി പ്രതിനിധിസമ്മേളനത്തിൽ പ്രസംഗിക്കുകയായിരുന്നു മാർ ജോർജ് ആലഞ്ചേരി. യേശുവിനെ വിട്ടുപോകാതെ, അവനെ ശ്രവിച്ച ജനങ്ങളെപ്പോലെ ഇന്നത്തെ അല്മായർ സഭയോടൊത്തു ചിന്തിച്ചു പ്രവർത്തിച്ച് സമൂഹത്തിൽ പ്രവർത്തിക്കണം. സഭയിൽ എല്ലാവർക്കും കൂട്ടുത്തരവാദിത്വമാണ്. എല്ലാവരും സമന്മാരാണ്. ദൈവം നൽകുന്ന കൃപകളും വരങ്ങളും അനുസരിച്ച് ദൈവത്തിന്റെ ഉപകരണങ്ങളായി പ്രവർത്തിക്കുന്നവരാകണം നാമെന്നും മേജർ ആർച്ച്ബിഷപ് കൂട്ടിച്ചേർത്തു.

## സെന്റ് വിൻസെന്റ് ഡിപോൾ - അയൽക്കാരനിൽ ദൈവാനുഭവം കണ്ടെത്തിയവ്യക്തിത്വം: ബിഷപ് ഡോ. സെബാസ്റ്റ്യൻ തെക്കത്തെച്ചേരിൽ



നല്ല സമരിയാക്കാരന്റെ മാതൃകയിൽ പാവങ്ങളിൽ ദൈവാനുഭവം ദർശിച്ച വിശുദ്ധനാണു വിൻസെന്റ് ഡി പോളെന്നും ദൈവസ്നേഹത്തിലും ആധ്യാത്മികതയിലും അധിഷ്ഠിതമായ ഉപവിപ്രവർത്തനങ്ങൾക്കാണു വിൻസെന്റ് ഡി പോൾ സൊസൈറ്റി ഊന്നൽ നൽകേണ്ടതെന്നും വിജയപുരം രൂപതാധ്യക്ഷൻ ഡോ. സെബാസ്റ്റ്യൻ തെക്കത്തെച്ചേരിൽ. സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ വിജയപുരം സെൻട്രൽ കൗൺസിലിന്റെ വാർഷികവും വിശുദ്ധന്റെ 350-ാം ചരമവാർഷികവും വിമലഗിരി പാസ്റ്ററൽ സെന്ററിൽ ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു ബിഷപ്.

## പങ്കുവയ്ക്കലിന്റെയും സ്നേഹത്തിന്റെയും സന്ദേശം പ്രചരിപ്പിക്കണം: മാർ ജോസഫ് പവ്വത്തിൽ



സൗധങ്ങൾ കെട്ടിപ്പടുക്കുന്നതുകൊണ്ടും ശാസ്ത്ര സാങ്കേതികവിദ്യകൾ വളരുന്നതുകൊണ്ടും മാത്രം സാമൂഹിക പുരോഗതി കൈവരിയ്ക്കാനാവില്ലെന്നും പങ്കുവയ്ക്കലും സ്നേഹത്തിന്റെ സന്ദേശം പ്രചരിപ്പിക്കലുമാണ് ഇന്നത്തെ പ്രധാന ആവശ്യമെന്നും ഇന്റർചർച്ച് കൗൺസിൽ ചെയർമാൻ ആർച്ച് ബിഷപ് മാർ ജോസഫ് പവ്വത്തിൽ. മലങ്കര കാത്തലിക് അസോസിയേഷൻ വെണ്ണിക്കുളം മേഖല അല്മായ സമ്മേളനത്തോടനുബന്ധിച്ചു 'സഭയും രാഷ്ട്രീയവും' എന്ന വിഷയത്തിൽ നടന്ന സെമിനാറിൽ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. മാധ്യമങ്ങൾ പലപ്പോഴും പ്രചരിപ്പിക്കുന്നതു സഭ രാഷ്ട്രീയത്തിൽ ഇടപെടുന്നതു വലിയ തെറ്റാണെന്നാണ്. സമൂഹമെന്ന നിലയിൽ മാത്രമല്ല, സഭാ ശുശ്രൂഷകരും നേരിട്ടു രാഷ്ട്രീയരംഗത്ത് ഇടപെടേണ്ടതില്ലെന്നാണ് ക്രൈസ്തവ നിലപാട്. അസാധാരണ സാഹചര്യങ്ങളിൽ മാത്രമാണ് സഭാ ശുശ്രൂഷകർ നേരിട്ടു രാഷ്ട്രീയത്തിൽ ഇറങ്ങുന്നത്. ജനാധിപത്യരാജ്യത്തു ക്രൈസ്തവ വിശ്വാസികൾ തികഞ്ഞ ധാർമിക ബോധത്തോടെ സജീവ രാഷ്ട്രീയരംഗത്ത് ഉണ്ടാകണമെന്നു തന്നെയാണ് സഭ ആഗ്രഹിക്കുന്നത്. വിശ്വാസികൾക്കു മറ്റു രംഗങ്ങളിലെന്നതുപോലെ രാഷ്ട്രീയത്തിലും ആവശ്യമായ മനഃസാക്ഷി രൂപീകരിക്കാൻ സഭാ ശുശ്രൂഷകർക്കു കടമയുണ്ടെന്നും അതിനെ രാഷ്ട്രീയ ഇടപെടലായി കാണേണ്ടതില്ലെന്നും മാർ പവ്വത്തിൽ പറഞ്ഞു.

## അല്മായർ ലോകത്തെ അൾത്താരയുമായി അടുപ്പിക്കേണ്ടവർ : മാർ ജോസഫ് പെരുന്തോട്ടം



ലോകത്തെ അൾത്താരയുമായി അടുപ്പിക്കാനുള്ള ദൗത്യം ഏറ്റെടുത്തവരാണ് അല്മായരെന്ന് ആർച്ച് ബിഷപ് മാർ ജോസഫ് പെരുന്തോട്ടം. കോട്ടയം ഫൊറോനാ പാസ്റ്ററൽ കൗൺസിലിന്റെ നേതൃത്വത്തിൽ ലൂർദിൽ നടന്ന അൽമായാ നേതൃസംഗമത്തിൽ അനുഗ്രഹപ്രഭാഷണം നടത്തുകയായിരുന്നു ആർച്ച് ബിഷപ്. മദ്യം ഉൾപ്പെടെയുള്ള വിപത്തുകളെ ഉൻമൂലനം ചെയ്യുവാൻ അൽമായ വർഷത്തിൽ ജാഗ്രതയോടെ പ്രവർത്തിക്കണം. പ്രാർഥനയാണ് ഈ ശ്രമങ്ങൾക്ക് കരുത്തു പകരേണ്ടത്. വൈദികരും സന്യസ്ഥരുമെല്ലാം അല്മായ സമൂഹത്തിന്റെ സംഭാവനകളാണ്. അതിരൂപതാ ശതോത്തര രജത ജൂബിലിയോട് അനുബന്ധിച്ച് നടപ്പാക്കുന്ന കർമ പദ്ധതികളിൽ അൽമായരുടെ സജീവ പങ്കാളിത്തം ഉണ്ടാവണമെന്നും ആർച്ച് ബിഷപ് ആഹ്വാനം ചെയ്തു.

## ലോഗോസ് ക്വിസിനു പുതിയ ലോഗോ

പൂവിളിയുടെ നാട്ടിൽ ദൈവത്തിന്റെ ആർദ്രനിമന്ത്രണങ്ങൾക്കു കണ്ണും കാതും ഹൃത്തും അർപ്പിക്കാൻ മലയാളിക്കു കഴിയുന്നു .... ലോഗോസ് എന്ന ഓമനപ്പേരുള്ള ബൈബിൾ മഹായജ്ഞം തന്നെ തെളിവ്. ലോഗോസിന്റെ പുതിയ മുദ്ര ഇതിന്റെ സത്തയെ വെളിപ്പെടുത്തുന്നുണ്ട്. സൃഷ്ടികാരണമാണ് വചനം. വചനത്തിലൂന്നിനിന്നുകൊണ്ട് സൃഷ്ടികൾ നടത്തുന്ന ദൈവാന്വേഷണമാണ്, ബൈബിളിൽനിന്നു തുടങ്ങുന്ന ചോദ്യചിഹ്നം സൂചിപ്പിക്കുന്നത്. ഉയർത്തിയ കൈകളുമായി ചുറ്റും നില്ക്കുന്ന മനുഷ്യർ വചനപ്പൊരുൾ തേടുകയാണ്. ക്രിസ്തുവിനെ സൂചിപ്പിക്കാൻ ചോദ്യചിഹ്നത്തിനടുത്തുതന്നെ കുരിശുകാണിച്ചിരിക്കുന്നു. മുകളിലെ വൃത്തപരിധി ആകാശവിതാനമാണ്; അതിനു കീഴേ പ്രപഞ്ചവും. സൃഷ്ടികാരണമായ ദൈവമാണ് മുകളിലെ നക്ഷത്രം. കെ.സി.ബി.സി. ബൈബിൾ കമ്മീഷനും കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയും സംയുക്തമായി നടത്തുന്ന കർമ്മപരിപാടിയെന്നും കാണിക്കാൻ, ആ രണ്ടു പേരുകളും ആവരണംപോലെ വൃത്തത്തിനു മുകളിൽ കാണിച്ചിരിക്കുന്നു. ശ്രീ. വിൻസ് പെരിഞ്ചേരിയാണ് അന്തർദ്ദേശീയപ്രശംസ സ്വന്തമാക്കിയ ഈ ലോഗോയ്ക്ക് രൂപകല്പന നല്കിയത്.

12-ാമതു ബൈബിൾ ക്വിസ് പരീക്ഷയ്ക്കായി കേരളസഭ ഒരുങ്ങുമ്പോൾ എങ്ങും ഉത്സാഹത്തിമിർപ്പും പ്രാർത്ഥനാപൂർവ്വകമായ ഒരുക്കവും ദൃശ്യമാണ്. അഞ്ചുലക്ഷത്തിമുപ്പത്തേഴായിരത്തി അഞ്ഞൂറുപേർ ഈ വർഷം ഇതിനായി രജിസ്റ്റർ ചെയ്തു കഴിഞ്ഞു - കഴിഞ്ഞവർഷത്തെക്കാൾ 54000 പേർ കൂടുതൽ! സെപ്തംബർ 25ന് ഓരോ ഇടവകയിലും നടത്തപ്പെടുന്ന ഒന്നര മണിക്കൂർ നീളുന്ന ക്വിസ് പരീക്ഷയ്ക്കായി അഞ്ചരലക്ഷം ഹാൾടിക്കറ്റുകളും ചോദ്യപേപ്പറുകളും ഉത്തരക്കടലാസ്സുകളും തയ്യാറായിക്കഴിഞ്ഞു.

ഇത് ഒരു മഹാദ്ഭുതം തന്നെയാണ്. ആഗോള ക്രൈസ്തവസഭയിൽ തികച്ചും അതുല്യമായ ഈ സംരംഭം കേരളസഭയുടെ സ്വന്തം സംഭാവനയാണ്. കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ ചെയർമാൻ മാർ ജോർജ്ജ്

പുന്നക്കോട്ടിൽ പിതാവ് ചെയർമാനും കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ സെക്രട്ടറി ഫാ. ജോഷി മയ്യാറ്റിൽ സെക്രട്ടറിയുമായുള്ള കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ വിവിധങ്ങളായ ബൈബിൾ ശുശ്രൂഷകളിൽ ഇന്ന് ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് ലോഗോസ് ബൈബിൾ ക്വിസ്. ബൈബിൾ സൊസൈറ്റി ഈ വർഷം ലോഗോസിനായി ഓൺ-ലൈൻ രജിസ്ട്രേഷൻ സൗകര്യങ്ങളും ഒരുക്കി. ഏതാനും വർഷങ്ങൾക്കുള്ളിൽ വിദേശമലയാളികൾക്കായി ഓൺ-ലൈൻ ലോഗോസ് ക്വിസ് പരീക്ഷയും നടത്താനാവുമെന്നാണ് ഭാരവാഹികളുടെ പ്രതീക്ഷ. ഒരുപക്ഷേ വിദൂരഭാവിയിൽ ആഗോളസഭയ്ക്കു മുഴുവൻ പങ്കെടുക്കാവുന്ന വിധത്തിൽ ലോഗോസിന്റെ രൂപഭാവങ്ങൾ മാറിയേക്കാം എന്നുപോലും സ്വപ്നം കാണാൻ തുടങ്ങിയിരിക്കുന്നു അറുപതോളം വരുന്ന ബൈബിൾ സൊസൈറ്റി മാനേജിംഗ് കൗൺസിൽ-എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ.

ഓരോ രൂപതയിലെയും ബൈബിൾ അപ്പോസ്തലേറ്റു ഡയറക്ടർമാരുടെയും മതബോധന ഡയറക്ടർമാരുടെയും നേതൃത്വത്തിലാണ് ലോഗോസ് ക്വിസ് സംഘടിപ്പിക്കപ്പെടുന്നത്. ഇവരുടെ സംഘാടകശേഷിയാണ് ലോഗോസ് ക്വിസിന്റെ അഭൂതപൂർവ്വമായ വളർച്ചയുടെ പിന്നിലെ ശക്തി. അഞ്ചു വ്യത്യസ്ത പ്രായവിഭാഗങ്ങളിലായി നടത്തപ്പെടുന്ന ലോഗോസിന്റെ ഈ വർഷത്തെ പഠനഭാഗങ്ങൾ പുറ 16-24, മത്താ 15-28, പത്രോസിന്റെ ഒന്നാം ലേഖനം എന്നിവയാണ്. ഓരോ വിഭാഗത്തിൽനിന്നും ഏറ്റവും കൂടുതൽ മാർക്കുനേടുന്ന മൂന്നുപേർ വീതം സംസ്ഥാനതല ലോഗോസ് മത്സരത്തിനായി തിരഞ്ഞെടുക്കപ്പെടുന്നു. അങ്ങനെ ഈ വർഷം 480 പേർ പി.ഒ.സി.യിൽ സംസ്ഥാനതല ലോഗോസ് എഴുത്തുപരീക്ഷയ്ക്കെത്തും. നവംബർ 27-ാം തീയതിയായിരിക്കും ഇതു നടത്തപ്പെടുന്നത്. ഇതിൽ ഓരോ പ്രായവിഭാഗത്തിലും ഏറ്റവും കൂടുതൽ മാർക്കു നേടുന്ന 10 പേർ വീതം ആകെ 50 പേർ ഫൈനൽ റൗണ്ട് മത്സരങ്ങൾക്കായി തിരഞ്ഞെടുക്കപ്പെടും. ക്വിസിന്റെ ഫൈനൽ റൗണ്ട് ചാനലുകളിലൂടെ സംപ്രേഷണം ചെയ്യാൻ പദ്ധതിയുള്ളതിനാൽ ഡിസംബർ 4-ാം തീയതിയായിരിക്കും അതു സംഘടിപ്പിക്കപ്പെടുക. അന്നുതന്നെ ലോഗോസ് പ്രതിഭയും നിർണ്ണയിക്കപ്പെടും. ലോഗോസ് സമ്മാനദാനച്ചടങ്ങിൽവച്ച് പാലയ്ക്കൽ തോമാ മൽപാൻ മെമ്മോറിയൽ എവർ റോളിങ്ങ് ട്രോഫി ലോഗോസ് പ്രതിഭയുടെ രൂപതയ്ക്കും പതിനായിരം രൂപയുടെ ക്യാഷ് അവാർഡ് ലോഗോസ് പ്രതിഭയ്ക്കും സമ്മാനിക്കപ്പെടും. ഓരോ വിഭാഗത്തിലെയും വിജയികൾക്ക് ക്യാഷ് അവാർഡും ട്രോഫികളും സർട്ടിഫിക്കറ്റുകളും മറ്റനേകം സമ്മാനങ്ങളും നൽകപ്പെടും. ഒരു വർഷം നീണ്ടുനിന്ന വചനോപാസനയ്ക്കു തിരശ്ശീല വീഴുമ്പോൾ അടുത്ത വർഷത്തേയ്ക്കുള്ള വചനയജ്ഞത്തിന്റെ തിരിയും ഒപ്പം തെളിയുകയായി . . .

## ജാഗ്രതാ വാർത്ത

### ആൺകുട്ടികളിൽ നാലിലൊന്നിനും ഭാരക്കുറവ്

എം.ബി. സന്തോഷ്

സംസ്ഥാനത്തെ ഹയർസെക്കൻഡറി വിദ്യാർത്ഥികളായ ആൺകുട്ടികളിൽ നാലിലൊന്നോളം പേർക്ക് ആവശ്യത്തിന് ഭാരമില്ലെന്ന് ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ നടത്തിയ പഠനത്തിൽ കണ്ടെത്തി. പോഷകാഹാരക്കുറവാണ് കാരണം.

എന്നാൽ പെൺകുട്ടികളിൽ സ്ഥിതി ഇത്രയും മോശമല്ല. ആൺകുട്ടികളിൽ ശരാശരി 23.9 ശതമാനം പേർക്കാണ് ആവശ്യത്തിനു ഭാരമില്ലാത്തത്. പെൺകുട്ടികളിൽ ഇത് 12.6 ശതമാനമാണ്.

ഒരു ജില്ലയിൽ 10 എന്ന നിലയിൽ എല്ലാ ജില്ലകളിൽ നിന്നുമായി തിരഞ്ഞെടുത്ത 140 ഹയർ സെക്കൻഡറി സ്കൂളുകളിലെ 25,888 വിദ്യാർത്ഥികളിൽ നൂട്രിഷൻ റിസർച്ച് സെന്ററിന്റെ നേതൃത്വത്തിൽ 2007-10 കാലയളവിലായിരുന്നു പഠനം.

ആൺകുട്ടികളുടെ ഭാരക്കുറവ് ഏറ്റവും കൂടുതൽ പാലക്കാട് ജില്ലയിലാണ് -31.3 ശതമാനം. പെൺകുട്ടികളിലും അവിടെ ഭാരക്കുറവ് ശരാശരിയിലും മുകളിലാണ്-13.7 ശതമാനം. 18.3 ശതമാനം.പേർക്ക് ഭാരക്കുറവ് കണ്ടെത്തിയ കൊല്ലം ജില്ലയിലാണ് പെൺകുട്ടികളിൽ പോഷകാഹാരക്കുറവ് കൂടുതൽ.

കാസർകോട്ടെ ആൺകുട്ടികൾക്കാണ് താരതമ്യേന മെച്ചപ്പെട്ട സ്ഥിതിയുള്ളത്. അവിടെ 14.5 ശതമാനം കുട്ടികൾക്കേ ആവശ്യത്തിന് ഭാരമില്ലാത്ത അവസ്ഥയുള്ളൂ. പെൺകുട്ടികളിലെ ഭാരക്കുറവ് ഏറ്റവും കുറവ് വയനാട്ടിലാണ്-7.83 ശതമാനം.

പെൺകുട്ടികളെ അപേക്ഷിച്ച് ആൺകുട്ടികൾക്ക് ആവശ്യത്തിന് ഭാരമില്ലാത്തത് എന്തുകൊണ്ടാണെന്ന് വിലയിരുത്തിയിട്ടില്ല. ഈ പഠനത്തിന്റെ അടിസ്ഥാനത്തിൽ ഈ വർഷം നടത്തുന്ന തുടർപഠനത്തോടെയേ അത് വ്യക്തമാവൂ. പോഷകാഹാരക്കുറവ് അടിയന്തിരമായി പരിഹരിക്കാൻ സ്കൂളുകൾ കേന്ദ്രീകരിച്ച് നൂട്രിഷൻ ക്ളബുകൾ ആരംഭിക്കണമെന്ന നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്.

Kerala Kaumudi-20/9/11

## റവ. റിച്ചാർഡ് കൊള്ളിൻസ്

കേംബ്രിഡ്ജ് സർവകലാശാലയിലെ ഒരു പണ്ഡിതനായിരുന്ന റവ. റിച്ചാർഡ് കൊള്ളിൻസ് ഒരു ആംഗ്ലിക്കൻ മിഷനറിയായിരുന്നു. 1855-മുതൽ കോട്ടയം സി.എം.എസ്. കോളേജിന്റെ പ്രിൻസിപ്പലായിരുന്നു. 1867 -ൽ സിലോണിലെ സി.എം.എസ്. കോളേജ് പ്രിൻസിപ്പലായി സ്ഥലം മാറിപ്പോയി. അദ്ദേഹം ഉദ്യോഗത്തോടൊപ്പം മിഷനറി പ്രവർത്തനവും നടത്തിയിരുന്നു. 1900- ൽ സ്വദേശമായ ഇംഗ്ലണ്ടിൽ നിര്യാതനായി.

കൊള്ളിൻസ് പ്രിൻസിപ്പലായിരുന്ന കാലത്താണ് സി.എം.എസ്. കോളേജ് മദ്രാസ് യൂണിവേഴ്സിറ്റിയോട് അഫിലിയേറ്റ് ചെയ്തത്. കോട്ടയത്ത് പ്രിൻസിപ്പലായിരുന്ന കാലത്ത് അദ്ദേഹം 'മലയാണ്മ നിഘണ്ടു' നിർമ്മിച്ചു. ബെഞ്ചമിൻ ബെയിലിക്കു ശേഷം നിഘണ്ടു നിർമ്മാണത്തിലേർപ്പെട്ട മിഷനറിയാണ് കൊള്ളിൻസ്.

നിഘണ്ടു നിർമ്മാണത്തിൽ സ്വന്തം മുൻഷിയായ രാമവാര്യരുടെയും ചൈവള്ളിക്കൽ സുബ്രഹ്മണ്യൻപോറ്റി തുടങ്ങിയ പണ്ഡിതന്മാരുടെയും സഹായം അദ്ദേഹത്തിനു ലഭിച്ചു. മലയാണ്മ നിഘണ്ടു-1865, രണ്ടാം പതിപ്പ്-1905, മൂന്നാം പതിപ്പ്-1918.

'റിച്ചാർഡ് കൊള്ളിൻസ് നൂറ്റിമുപ്പത്തൊന്ന് കൊല്ലം മുൻപ് ആരംഭിച്ച 'വിദ്യാവിവേകം' മാസികയിൽ കോട്ടയത്തിന്റെ സ്പെല്ലിംഗ് 'Cottayam' എന്നായിരുന്നു. ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭംവരെ ഈ പ്രയോഗം നിലനിന്നു. മലയാളം അന്ന് 'Malayalim' ആയിരുന്നു. യൂറോപ്പിൽ അച്ചടിച്ചുവരുന്ന ചില പുസ്തകങ്ങളിലും ഈ 'മലയാളിം' കാണാറുണ്ട്. കേരളം വിദ്യാസംഗ്രഹത്തിൽ 'Kerula' ആയിരുന്നു.

'മിസ്സിസ്സ് കൊള്ളിൻസ്' 'The Slayer Slain' എന്ന പേരിൽ 1859- ൽ ഒരു നോവൽ രചിച്ചു. 1864-ൽ കോളേജ് മാസികയായി ആരംഭിച്ച 'വിദ്യാസംഗ്രഹത്തിൽ പ്രസിദ്ധപ്പെടുത്തി. കൊള്ളിൻസ് അതിന്റെ മലയാള പരിഭാഷ തയ്യാറാക്കി 'ഘാതകവധം' എന്ന പേരിൽ 1877-ൽ പ്രസിദ്ധപ്പെടുത്തി. കേരളത്തിൽ തലമുറകളായി അനുഭവിച്ചുവന്ന അടിമത്തത്തിനെതിരെ ശബ്ദമുയർത്തിയ നോവലാണ് ഘാതകവധം.

ഘാതകവധത്തിന്റെ പ്രസാധന ചരിത്രം കൊള്ളിൻസ് സായ്പ് 1877-ലെ ഒന്നാം പതിപ്പിൽ ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു.

'ഈ കഥ കൊള്ളിൻസ് മദാമ്മ കോട്ടയത്തു വച്ച് ചമച്ചതാകുന്നു. 1859-ൽ ഇതെഴുതുവാൻ ആരംഭിച്ചു. എങ്കിലും നിർഭാഗ്യവശാൽ അത് അവസാനിപ്പിക്കുന്നതിനു സംഗതി ആകാതെ എഴുത്തുകാരി 1862-ൽ മരിച്ചുപോയി. 1864-ൽ ഈ കഥയെ ടി മദാമ്മയുടെ അന്തരം വിടാതെ ഞാൻ പൂർണ്ണമാക്കി. കോട്ടയം സെമിനാരിയിൽ നിന്നു പ്രസിദ്ധപ്പെടുത്തിയിരുന്ന 'വിദ്യാസംഗ്രഹം' എന്ന പുസ്തകത്തിൽ പ്രസിദ്ധപ്പെടുത്തി ഇംഗ്ലീഷിൽ എഴുതി പ്രസിദ്ധീകരിച്ച പുസ്തകത്തിന്റെ ശീർഷകം 'The Slayer Slain' എന്നായിരുന്നു'. ഇത് മലയാളത്തിലേയ്ക്ക് തർജ്ജിമ ചെയ്തത് കൊള്ളിൻസ് സായ്പായിരിക്കണം.

ക്രിസ്തുമതം സ്വീകരിച്ച പുലയരടക്കമുള്ള പിന്നോക്ക ജാതിക്കാരോട് അതിക്രൂരമായി പെരുമാറുന്ന കോശികുര്യൻ എന്ന ജന്മിയുടെ മനഃപരിവർത്തനമാണ് 'ഘാതകവധ'ത്തിലെ ഇതിവൃത്തം. വെറും കീടത്തെ കൊല്ലുന്നതുപോലെ പുലയരെ കൊന്നിരുന്ന കോശികുര്യൻ തന്റെ ദുർവൃത്തികളിൽ പശ്ചാത്തപിച്ചു സന്മാർഗ്ഗത്തിലെത്തുന്നു.

## പൊതുമുതൽ നശിപ്പിക്കാൻ ആർക്കാണവകാശം?

പൊതുമുതൽ നശിപ്പിക്കാൻ എല്ലാവർക്കും അവകാശമുണ്ട് എന്നമട്ടിൽ നമ്മുടെ നാട്ടിൽ അക്രമസമരങ്ങൾ പെരുകുന്നതു ശ്രദ്ധിക്കേണ്ടതാണ്. പ്രതിക്ഷേധ പ്രകടനങ്ങൾ അക്രമത്തിലേക്കു നയിക്കപ്പെടുന്നതും അതു പൊതുമുതൽ നശിപ്പിക്കുന്നതിലേക്ക് എത്തിച്ചേരുന്നതും ഏതാണ്ട് എല്ലാദിവസവും നമ്മൾ വാർത്താമാധ്യമങ്ങളിൽ കാണുന്നു. പൊതുമുതൽ നശിപ്പിക്കുന്നത് ഏതാണ്ടൊരു അവകാശമായി രൂപപ്പെട്ടിരിക്കുന്നുവെന്നു സംശയിക്കത്തക്ക വിധത്തിലാണ് ഈ ഒരു വികൃതസംസ്കാരം പ്രചരിക്കുന്നത്.

പൊതുമുതൽ നശിപ്പിക്കുന്നവർക്കെതിരെ നിയമനടപടികൾ കൈക്കൊള്ളാൻ നമ്മുടെ നിയമസംഹിതയിൽ വേണ്ടത്ര വകുപ്പുകളുണ്ട്. എന്നാൽ ഇങ്ങനെ നടപടികൾ സ്വീകരിക്കാനുള്ള ഇച്ഛാശക്തി നമ്മുടെ ഭരണാധികാരികൾക്ക് ഇല്ലാത്ത ദുരവസ്ഥയാണ് ഇന്നുള്ളത്. പൊതുമുതൽ നശിപ്പിക്കുന്നതിൽ ഇവിടുത്തെ രാഷ്ട്രീയപാർട്ടികൾ എല്ലാം തന്നെ ഒരു വിധത്തിൽ അല്ലെങ്കിൽ മറ്റൊരുവിധത്തിൽ ഇടപെടുന്നുവെന്നതാകാം ഇതിനുകാരണം. അതുകൊണ്ട് പൊതുമുതൽ നശിപ്പിക്കുന്ന സംസ്കാരം പടരുന്നു; പൊതുസമൂഹം നിസ്സഹായതപുലർത്തുകയും ചെയ്യുന്നു.

പെട്രോളിയം വിലവർദ്ധനവിനെതിരേയുള്ള പ്രതിഷേധം ഇവിടുത്തെ പൊതുസമൂഹത്തിനുമുഴുവൻ ഉണ്ടായിരുന്നതാണ്. എന്നാൽ ഈ പ്രതിഷേധം രാഷ്ട്രീയ പാർട്ടികളുടേതായപ്പോൾ അക്രമാസക്തമായി. അതു പൊതുമുതൽ നശിപ്പിക്കുന്ന വഴിയിലേക്കു നീളുകയും ചെയ്തു. കടകൾ തല്ലിതകർത്തു പൊതുസ്ഥാപനങ്ങൾ നശിപ്പിച്ചു, സർക്കാർ വണ്ടികൾ കത്തിക്കുകയും കല്ലെറിഞ്ഞുനശിപ്പിക്കുകയും ചെയ്തു. പ്രതിഷേധം അക്രമാസക്തവും പൊതുമുതൽ നശിപ്പിക്കുന്നതും ആയില്ലെങ്കിൽ ഫലപ്രദമാകില്ല എന്ന് ഇവിടുത്തെ രാഷ്ട്രീയ കക്ഷികൾ വിശ്വസിക്കുന്നതുപോലെ തോന്നുന്നു.

അക്രമം പ്രത്യയശാസ്ത്രമായി കൊണ്ടുനടക്കുന്നവർക്ക് രാഷ്ട്രീയമായ മേധാശക്തി ഉള്ള ഒരു സംസ്ഥാനമാണ് കേരളം. അതുകൊണ്ടുതന്നെ ഏതെങ്കിലും പ്രശ്നമുണ്ടായാൽ അതിനു ഭരണപരവും രാഷ്ട്രീയവുമായ പരിഹാരങ്ങൾ തേടുന്നതിനുപകരം അക്രമത്തിലൂടെ പരിഹാരം തേടുക എന്ന ഒരു സംസ്കാരം കേരളത്തിൽ വ്യാപകമാണ്. ഗാന്ധിയൻ രീതിയിലുള്ള പ്രതികരണങ്ങളും സമരങ്ങളും ഇന്ന് ഫലപ്രദമല്ലെന്ന് പ്രത്യയശാസ്ത്രക്കാർ പ്രസ്താവിച്ചതായി കണ്ടു. അവർ എക്കാലവും ഗാന്ധിജിയെ അവഹേളിക്കുകയായിരുന്നുവല്ലോ. ഈ പ്രത്യയശാസ്ത്രപാർട്ടിയെ അറിഞ്ഞോ അറിയാതെയോ അനുധാവനം ചെയ്യുന്ന മറ്റു രാഷ്ട്രീയ കക്ഷികളും ഈ അക്രമത്തിന്റെയും പൊതുമുതൽ നശിപ്പിക്കുന്നതിന്റെയും വഴിയേ പോകുന്നു.

ഈ സാഹചര്യത്തിൽ കേരളത്തിലെ പൊതുസമൂഹം രാഷ്ട്രീയ പാർട്ടികളുടെയും അവരുടെ പോഷകസംഘടനകളുടെയും ഈ പൊതുമുതൽ നശിപ്പിക്കുന്ന രീതിക്കെതരെ രംഗത്തുവരണം. അങ്ങനെയുള്ളവർക്കെതിരെ വ്യക്തമായ നടപടി എടുത്തു നഷ്ടപരിഹാരം നേടാൻ സർക്കാരിനെ ശക്തമാക്കണം. നീതിന്യായ വ്യവസ്ഥയെ ഇതിനുവേണ്ടി ഫലപ്രദമായി ഉപയോഗിക്കാനും കഴിയണം. പൊതുമുതൽ നശിപ്പിക്കുന്നതിനെതിരേ ഒരു പ്രതിസംസ്കാരം സൃഷ്ടിക്കാൻ കഴിയുന്നില്ലെങ്കിൽ നമ്മൾ വല്ലാത്തൊരു സാമൂഹ്യ പ്രതിസന്ധിയിലേക്കാകും പോകുന്നത്.

റവ. ഫാ. ഫിലിപ്പ് നെല്പുരപറമ്പിൽ

**"Jagratha News"** - An internet news service is free and for private circulation
**Web:** www.kcbcsocialharmony.org **Blog:** jagrathakcbc.blogspot.com
**Designed and Edited by** , Secretary, KCBC Commission for Social Harmony and Vigilance, P.O.C, P.B. No. 2251, Palarivattom, Kochi-25, INDIA